LIBRARY ARCHIVES Kerala Legislative Assembly

വനത്തോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലെ ട്രൈബൽ സെറ്റിൽമെന്റ് കോളനികളിലെ ആദിവാസികളായ യുവജനങ്ങളെ പോലീസ്-എക്സൈസ് വകുപ്പുകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി തെരഞ്ഞെടുക്കുന്നതിനായി സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ചേർന്ന് അതിന്റെ നടപടിക്രമങ്ങൾ തീരുമാനിക്കുന്നതിനായി 21-3-2015-ലെ ജി.ഒ.(എംഎസ്.) നമ്പർ 56/2015/ ആഭ്യന്തരം നമ്പർ ഉത്തരവുപ്രകാരം ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനും നികുതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും, പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളുമായി ഒരു കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി 17-4-2015-ൽ ആദ്യ യോഗം ചേരുകയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, സംസ്ഥാന പോലീസ് മേധാവി എന്നിവരുടെ പ്രതിനിധികളെക്കൂടി പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ നിയമനം നടത്തുന്നതിനുള്ള ഒഴിവുകൾ കണ്ടുപിടിക്കുന്നതിനും ശാരീരിക അളവുകൾ, പ്രായം എന്നിവയിൽ ഇളവ് അനുവദിക്കുന്നതിനും ഉള്ള വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സംസ്ഥാന പോലീസ് മേധാവി, നികുതി വകുപ്പ് സെക്രട്ടറി എന്നിവർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയെ പ്രസ്തുത കമ്മിറ്റിയിൽ നാമനിർദ്ദേശം ചെയ്തതായി കമ്മീഷൻ അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച പ്രദേശങ്ങളിൽ നടപടിക്രമങ്ങൾ പാലിച്ച് പട്ടികവർഗ്ഗ വിഭാഗങ്ങളിൽനിന്ന് 200 പോലീസ് കോൺസ്റ്റബിൾമാരെ ഡയറക്ടായി നിയമിക്കാനുള്ള നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. അത് ഒക്ടോബർ 2-ാം തീയതിക്കുമുമ്പ് പ്രാബല്യത്തിൽ വരുമെന്ന് ബഹുമാനപ്പെട്ട മെമ്പറെയും ഈ സഭയേയും അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു.

11. ഫയർ സ്റ്റേഷൻ അനുവദിക്കൽ

<u>ശ്രീ. കെ. വി. വിജയദാസ്</u> : സർ, കോങ്ങാട് മണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട സർക്കാരിനോട് ആവശ്യപ്പെടുന്നത്. രണ്ടാംതവണയാണ് ഞാൻ ഈ കാര്യം സഭയിൽ ഉന്നയിക്കുന്നത്. മലയോര മേഖലയായ കോങ്ങാട് മണ്ഡലത്തിൽ മലയിടിച്ചിലും ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഗ്യാസ് ടാങ്കർ അപകടങ്ങളും കാട്ടുതീയുമെല്ലാം സർവ്വസാധാരണയാണ്. ഷൊർണ്ണൂർ, പാലക്കാട് കേന്ദ്രങ്ങളിൽ നിന്നും ഫയർ സർവ്വീസ് എത്താൻ ഏതാണ്ട് 40 കി. മീ. ദൂരമെങ്കിലും പിന്നിടണം. കോങ്ങാട്

പഞ്ചായത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട സ്ഥലം മൃഗസംരക്ഷണ വകുപ്പിന്റേതാണ്. അതിന്റെ നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി ഫയർ ആന്റ് റസ്ക്യൂ ഡിപ്പാർട്ടുമെന്റിന് കൈമാറാൻ അനുമതിയായിക്കഴിഞ്ഞു. ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ പെർമിസീവ് സാങ്ഷനും ലഭിച്ചുകഴിഞ്ഞു. ഇനി ക്യാബിനറ്റിൽവച്ചിട്ടുള്ള അംഗീകാരം മാത്രമാണ് ബാക്കി. ഫയർ സ്റ്റേഷനുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാൻ ഞങ്ങൾ ഒരുക്കമാണ്. ആയതിനാൽ കോങ്ങാട് ഫയർ സ്റ്റേഷൻ യാഥാർത്ഥ്യമാക്കൽ സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കണമെന്നും ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടികൾ സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, സംസ്ഥാനത്ത് വിവിധ നിയോജക മണ്ഡലങ്ങളിൽ ഫയർ സ്റ്റേഷന്റെ ആവശ്യത്തെ കുറിച്ച് ഈ നിയമസഭയിൽ നാലാമത്തെ തവണയാണ് ഞാൻ മറുപടി പറയുന്നത്. ഫയർ ആന്റ് സേഫ്റ്റി സർവ്വീസസിന്റെ അനിവാര്യതയെയാണ് അത് ചൂണ്ടിക്കാണിക്കുന്നത്. പക്ഷേ ഇതിന് ബഡ്ജറ്റ് അലോക്കേഷൻ വളരെ കുറവാണെന്നതാണ് ഇതിന്റെ പ്രശ്നം. ശ്രീ. കെ. വി. വിജയദാസ് കഴിഞ്ഞ തവണയും ഇതുസംബന്ധിച്ചൊരു സബ്മിഷൻ ഇവിടെ അവതരിപ്പിച്ചതാണ്. കോങ്ങാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 3-ൽ റീസർവ്വേ നമ്പർ 305/17 ആയി മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള 40 സെന്റ് സ്ഥലം ഫയർ ആന്റ് റസ്ക്യൂ സർവ്വീസസിന് കൈമാറാൻ കൃഷി വകുപ്പുമന്ത്രിതന്നെ മുൻകയ്യെടുത്തിട്ടുണ്ട്. ആ സ്ഥലം കൈമാറാനുള്ള നടപടികൾ ഇപ്പോൾ റവന്യൂ വകുപ്പിൽ അന്തിമഘട്ടത്തിലാണ്. നിലവിൽ സ്വന്തമായ സ്ഥലമോ കെട്ടിടമോ ലഭ്യമായ സ്ഥലങ്ങളിലാണ് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന്റെ സ്റ്റേഷൻ അനുവദിക്കുന്നത്. മേൽ സാഹചര്യത്തിൽ ആവശ്യമായ കെട്ടിടവും സ്ഥലവും വന്നുകഴിഞ്ഞാൽ ഉടൻതന്നെ അവിടെ ഫയർ സ്റ്റേഷൻ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

12. ഓപ്പറേഷൻ അനന്തയുടെ അപാകതകൾ

ശ്രീ. വി. ശിവൻകുട്ടി : സർ, തലസ്ഥാന നഗരിയിലെ ഏറ്റവും പ്രധാനപ്പെട്ടൊരു പ്രശ്നമാണ് വെള്ളപ്പൊക്കം. ചെറിയൊരു മഴ പെയ്താൽതന്നെ കിഴക്കേകോട്ട, തമ്പാനൂർ തുടങ്ങി തിരുവനന്തപുരം നഗരത്തിലെ ഏതാണ്ട് നൂറ് കോർപ്പറേഷൻ വാർഡുകളിലും വളരെ വേഗത്തിൽ വെള്ളപ്പൊക്കമുണ്ടാവുകയും വീടുകളുടെയും ഓഫീസുകളുടെയുമൊക്കെ രണ്ടുനിലപ്പൊക്കത്തിൽ വെള്ളംപൊങ്ങുകയും ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly